# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 650 03.04.2018 -ലെ മറുപടി

# കുട്ടനാട് പാക്കേജിന് കീഴിൽ ജലവിഭവ വകുപ്പ് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീമതി യു.പ്രതിഭ ഹരി | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിന് കീഴിൽ ജലവിഭവ വകുപ്പ് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) കുട്ടനാട് പാക്കേജിന് കീഴിൽ ജലവിഭവ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ ചുവടെചേർക്കുന്നു.<br>**1. കെ.ഇ.എൽ -1**<br>എഫ്.എം.പി- കേരളത്തിലെ കുട്ടനാട് മേഖലയിലെ ഗ്രൂപ്പ് -1 ൽ പ്പെട്ട 14 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ<br>**2. കെ.ഇ.എൽ -2**<br>എഫ്.എം.പി- കേരളത്തിലെ കുട്ടനാട് മേഖലയിലെ കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് -9 ൽ പ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ<br>**3. കെ.ഇ.എൽ -3**<br>എഫ്.എം.പി- കേരളത്തിലെ കുട്ടനാട് മേഖലയിലെ ഫേസ് 1 ൽ പെട്ട (ഗ്രൂപ്പ് 2 -5, 7,8,10 - 19) 231 പാട ശേഖരങ്ങ ളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ<br>**4. കെ.ഇ.എൽ -4**<br>ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ<br>5. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ<br>6. ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജക മണ്ഡലത്തിൽപെടുന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടേയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖ |

രങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

7. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യ ശേഷി വർദ്ധിപ്പിക്കൽ

8. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ

1. തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്കുകുറുകെ ബ്രിഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം

2. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം

3. മനയ്ക്കൽചിറ മുതൽ ഒന്നാം കര വരെയുള്ള എ.സി കനാലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

(ബി) വിവിധ പ്രദേശങ്ങളിലുള്ള പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഫലപ്രാപ്തിയും അറിയിക്കാമോ;

(ബി) കുട്ടനാട് പാക്കേജിന്റെ കീഴിൽ വരുന്ന വിവിധ പ്രദേശങ്ങളിലുള്ള പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള പ്രവർത്തികളുടെ നിലവിലെ സ്ഥിതിയും അവയുടെ ഫലപ്രാപ്തിയും അനുബന്ധം രണ്ട് ആയി ചേർക്കുന്നു.

(സി) തോട്ടപ്പള്ളി സ്പിൽവേയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി) വിശദാംശം ചുവടെ ചേർക്കുന്നു.

**<u>തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം</u>**

കുട്ടനാട്ടിലെ 55000 ഹെക്ടർ വിസ്തൃതിയുള്ള പാടശേഖരത്തിലെ പുഞ്ച കൃഷിയെ ഓരു ജല ഭീഷിണിയിൽ നിന്നും രക്ഷിക്കുക, വൃശ്ചിക വേലിയേറ്റത്തിൽ താരതമ്യേന ഉയരം കുറഞ്ഞ പുറം ബണ്ട് തകർന്നുള്ള കൃഷി നാശം തടയുക. ഗാർഹിക ആവശ്യത്തിന് ജല ലഭ്യത വർദ്ധിപ്പിക്കുക, വേമ്പനാട്ടുകായലിന്റെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന രണ്ട് പ്രധാന ജില്ലകളെ റോഡു മാർഗ്ഗം ബന്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച ഈ പ്രവർത്തിയുടെ ഒന്നാം ഘട്ടമായ തണ്ണീർമുക്കം ഭാഗത്തുള്ള 31 ഷട്ടറുകളും രണ്ട് ലോക്കും 2-ാം ഘട്ടമായ വെച്ചൂർ ഭാഗത്തുള്ള 31 ഷട്ടറുകളും ഒരു ലോക്കും മാറ്റി 62 സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. തണ്ണീർമുക്കം ബണ്ടിന്റെ

നവീകരണ പ്രവൃത്തികൾ 83% പൂർത്തീകരി ച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തി കൾക്കായി നാളിതുവരെ 174.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

മഴക്കാലങ്ങളിൽ കുട്ടനാട്ടിലെ പ്രളയജലം കടലിലേയ്ക്ക് ഒഴുക്കി വിടുന്നതിനാണ് തോട്ടപ്പള്ളി സ്പിൽവേ രൂപകൽപന ചെയ്തത്. എന്നാൽ അഴിമുഖം മണലടിഞ്ഞ് സ്പിൽവേയുടെ പ്രവർത്തന ക്ഷമത കുറയുകയും ഓരോ വർഷവും മഴക്കാലം തുടങ്ങുമ്പോൾ മണ്ണ് നീക്കം ചെയ്ത് സ്പിൽവേയുടെ പ്രവർത്തന ക്ഷമത ഉറപ്പാക്കുകയുമാണ് ചെയ്ത് പോരുന്നത്. തോട്ടപ്പള്ളി സ്പിൽവേ യുടെയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന പദ്ധതിക്ക് 13.49 കോടി രൂപയുടെ ഭരണാനുമതി നൽകി. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി പഴയ എം.എസ് ഷട്ട റുകൾ മാറ്റി പുതിയ 40 സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുകയും ലീഡിംഗ് ചാന ലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 8.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

പദ്ധതിയുടെ പുരോഗതി

| ക്രമ നം. | സ്കീം | പ്രവൃത്തിയുടെ വിശദാംശങ്ങൾ | എസ്റ്റിമേറ്റ് തുക (കോടി രൂപ) | പദ്ധതിയുടെ പുരോഗതി (27/03/2018) വരെ |
|---|---|---|---|---|
| 1 | കെ.ഇ.എൽ-1 | എഫ്.എം.പി- കേരളത്തിലെ കുട്ടനാട് മേഖലയിലെ ഗ്രൂപ്പ് -1 ൽ പെട്ട 14 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃർത്തികൾ | 24.70 | 31.03.2016 ൽ പൂർത്തീകരിച്ചു |
| 2 | കെ.ഇ.എൽ-2 | എഫ്.എം.പി- കേരളത്തിലെ കുട്ടനാട് മേഖലയിലെ കായൽ ഭാഗത്തെ-4 പാടശേഖരങ്ങ ളുടെയും ഗ്രൂപ്പ് -9 ൽ പെട്ട -5 പാട ശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃർത്തികൾ | 118.913 | 30.09.2016-ൽ പൂർത്തീകരിച്ചു |

--- (2)

| | | | | |
|---|---|---|---|---|
| 3 | കെ.ഇ.എൽ-3 | എഫ്.എം.പി - കേരളത്തിലെ കുട്ടനാട് മേഖലയിലെ ഫേസ് -I ൽ പെട്ട (ഗ്രൂപ്പ് 2 -5, 7,8,10 - 19) 231 പാട ശേഖരങ്ങ ളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃർത്തികൾ | 379.05 | 57പ്രവൃത്തികൾ അറേഞ്ചു ചെയ്തതിൽ 46 പ്രവൃത്തികൾ പൂർത്തീകരിച്ചു.9 പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്തു. 2 പ്രവൃത്തികൾ റീ അറേഞ്ച് ചെയ്യേണ്ടതാണ്. |
| 4 | കെ.ഇ.എൽ-4 | ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃർത്തികൾ | 248.39 | 5 നീർത്തടങ്ങളിലെ 21 പ്രവൃത്തികൾ അറേഞ്ചു ചെയ്തതിൽ 9 പ്രവൃത്തികൾ പൂർത്തികരിച്ചു. |
| **കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലുള്ള പദ്ധതി** | | | | |
| 5 | തണ്ണീർമുക്കം ബണ്ട് | തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം | 255.335 | സിവിൽ വർക്കുകൾ 83% പ്രവൃത്തികൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ലോക്ക് ഗേറ്റിന്റേയും ബാക്കിയുള്ള 14 ഷട്ടറുകൾ ഘടിപ്പിക്കുന്ന മെക്കാനിക്കൽ പ്രവൃത്തികളും മൺചിറ പൊളിച്ചു മാറ്റുന്ന പ്രവൃത്തികളും നടന്നുവരുന്നു. |
| **എഫ്. എം. പി സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ** | | | | |
| 6 | കുട്ടനാട് താലൂക്ക് | ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജക മണ്ഡലത്തിൽപ്പെടുന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടേയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ | 1212.45 | 57 പ്രവൃത്തികൾക്ക് കരാർ വെച്ചു. , 54 പ്രവൃത്തികൾ നടപ്പിലാക്കി, 49 പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 എണ്ണം ടെർമിനേറ്റ് ചെയ്തു. 3 എണ്ണം ഫോർ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. രണ്ടെണ്ണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. |
| 7 | തോട്ടപ്പള്ളി സ്പിൽവേ | തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ | 47.00 | സ്പിൽവേയുടെ നിലവിലുള്ള മുഴുവൻ പഴയ ഷട്ടറുകളും മാറ്റി പുതിയ സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടർസ്ഥാപിച്ചു. കായൽ ഭാഗത്ത് ഡ്രഡ്ജിംഗ് പണി |

---- (3)

| | | | | |
|---|---|---|---|---|
| | | | | കൾ (മെക്കാനിക്കൽ വിഭാഗം നേരിട്ട് നടത്തുന്നത്) പൂർത്തീകരിച്ചു. |
| 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ | | | | |
| 8 | | തലയാഴം പഞ്ചായത്തിലെ കരിയാർ നടിക്കുകുറുകെ ബ്രിഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം , ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം, മനയ്ക്കൽച്ചിറ മുതൽ ഒന്നാം കര വരെയുള്ള എ.സി കനാലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു | 42.07 | പുല്ലുവേലി റെഗുലേറ്റർ ഒഴിച്ചുള്ള പ്രവൃത്തികൾ 30-09-2016 പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ

1. കെ.ഇ.എൽ -1

നെടുമുടി പഞ്ചായത്തിൽ ഉൾപ്പെട്ട 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും, (39.94 കിമി) അനുബന്ധ പ്രവൃത്തികളായ മോട്ടോർതറ (37 എണ്ണം) പൊതുമട (8എണ്ണം) ബോക്സ് /പൈപ്പ് കൾവർട്ട് (11 എണ്ണം) എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുന്ന ഈ പദ്ധതി 31.03.2016 ൽ പൂർത്തീകരിച്ചു. ഈ സ്കീം നടപ്പാക്കുന്നതിന് ആകെ 19.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സ്കീം പൂർത്തീകരിച്ചതിലൂടെ 574.83 ഹെക്ടർ പാടശേഖരം സംരക്ഷിക്കുവാൻ കഴിഞ്ഞു. കൂടാതെ പ്രസ്തുത പാടങ്ങളിൽ നാളിതുവരെ മടവീഴ്ച സംഭവിച്ചിട്ടില്ല. എല്ലാ പാടശേഖരങ്ങളിലും രണ്ട് കൃഷി നടപ്പാക്കി വരുന്നു. കർഷകർക്ക് വിത്ത്, വളം , വിളവെടുത്ത നെല്ല് എന്നിവ സുഗമമായി പാടശേഖരങ്ങളിൽ എത്തിക്കുവാനും വിപണനത്തിനും സൗകര്യമായിട്ടുണ്ട്. ഓരോ കൃഷിക്കും മുന്നൊരുക്കമായി ബണ്ട് ബലപ്പെടുത്തുന്നതിനും പെട്ടിയും പറയും ഉറപ്പിക്കുന്നതിനുമായി വേണ്ടി വരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയിൽനിന്നും കർഷകർക്ക് മോചനം ലഭിച്ചിട്ടുണ്ട്. കൂടാതെ രണ്ട് കൃഷി നടപ്പാക്കിയതുമൂലം നെല്ലുൽപ്പാദനം ഇരട്ടിയായി വർദ്ധിപ്പിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

2. സ്കീം. കെ.ഇ.എൽ -2

കായൽ ഭാഗത്തെ നാലുപാടശേഖരങ്ങളുടേയും ബ്ലോക്ക് -9 ൽ പെട്ട 5 പാടശേഖരങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും അവക്കിടയിലുള്ള കൊച്ചാർ തുറക്കുന്ന പ്രവൃത്തിയും ഉൾപ്പെടുന്ന ഈ

....(2)

സ്കീം 30/09/2016 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 65.246 കിലോമീറ്റർ പുറം ബണ്ട് നിർമ്മാണം 94 മോട്ടോർത്തറകൾ/ഷെഡുകൾ, 14 പൊതുമടകൾ എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചു. ഈ സ്കീം നടപ്പാക്കുന്നതിന് ആകെ 124.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സ്കീം പൂർത്തീകരിച്ചതിലൂടെ 3265.91 ഹെക്ടർ പാടശേഖരം സംരക്ഷിക്കുവാൻ കഴിഞ്ഞു. കൂടാതെ ടി പ്രവൃത്തിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ കൊച്ചാർ തുറന്നതുമൂലം വെള്ളപ്പൊക്ക സമയത്ത് പമ്പാനദിയുടെ കൈവഴികളിലൂടെ കുട്ടനാട്ടിൽ ഒഴികിയെത്തുന്ന അധിക ജലം വേമ്പനാട്ട് കായലിലേയ്ക്ക് ഒഴുക്കിവിടുന്നതിന് സാധ്യമായി. തന്മൂലം വെള്ളപ്പൊക്ക സമയത്ത് കുട്ടനാട്ടിലെ ദുസ്സഹമായിരുന്ന ജനജീവിതത്തിന് ഒരുപരിധിവരെ അറുതിവരുത്തുവാൻ സാധിച്ചു. കൂടാതെ ഈ പദ്ധതിയിലുൾപ്പെട്ട പാടശേഖരങ്ങളായ റാണി-ചിത്തിര എന്നീ കായൽ നിലങ്ങളിൽ (764 ഹെക്ടർ) 22 വർഷത്തിനുശേഷം കൃഷി പുനരാരംഭിക്കുവാൻ സാധിച്ചത് ഈ പദ്ധതിയുടെ വൻ നേട്ടമായി കണക്കാക്കാം. അങ്ങനെ പ്രസ്തുത മേഖലകളിൽ നെല്ലുല്പാദനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു.

ഓരോ കൃഷിക്കും മുന്നൊരുക്കമായി ബണ്ട് ബലപ്പെടുത്തുന്നതിനും പെട്ടിയും പറയും ഉറപ്പിക്കുന്നതിനുമായി വേണ്ടി വരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയിൽനിന്നും കർഷകർക്ക് മോചനം ലഭിച്ചിട്ടുണ്ട്.

**3. സ്കീം കെ.ഇ.എൽ -3**

കോട്ടയം, ആലപ്പുഴ ജില്ലകളിലായി 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി രൂപ വരുന്ന പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും, 11-ാം പദ്ധതിയിൽപ്പെടുത്തി 106.13 കോടി രൂപ അനുവദിക്കുകയും ഈ തുകയ്ക്ക് കോട്ടയം, ആലപ്പുഴ ജില്ലകളിലെ 94 പാടശേഖരങ്ങളിലായി 57 പ്രവൃത്തികൾ അറേഞ്ചു ചെയ്യുകയും അതിൽ 46 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 85.82 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. സ്കീമിലുൾപ്പെട്ട പ്രവൃത്തികളിലൂടെ 128.636 കിലോമീറ്റർ ബണ്ട് നിർമ്മാണം പൂർത്തീകരിക്കുകയും 61 മോട്ടോർത്തറകൾ/ഷെഡുകൾ 68 പൊതുമടകൾ, 14 ബോക്സ് കൾവെർട്ടുകൾ 22 പൈപ്പ് കൾവെർട്ടുകൾ എന്നിവ നിർമ്മിച്ചു. ടി പ്രവൃത്തികൾ പൂർത്തീകരിക്കുക വഴി 2818 ഹെക്ടർ പാടശേഖരങ്ങൾ സംരക്ഷിക്കുവാൻ സാധിച്ചു.

**ഫലപ്രാപ്തി**

മുൻവർഷങ്ങളിൽ ഒരു കൃഷിമാത്രം ചെയ്തുവന്നിരുന്ന താഴെപ്പറയുന്ന പാടശേഖരങ്ങളിലെ 324 ഹെക്ടറിൽ **2014-15 വർഷം മുതൽ 2 കൃഷി ഇറക്കുവാൻ സാധിച്ചു.**

| | |
|---|---|
| 1. മാന്നാർ മിച്ചഭൂമി | - 59.50 ഹെക്ടർ |
| 2. മാന്നാർ പുത്തൻകരി | - 19.84 ഹെക്ടർ |
| 3. മാന്നാർ തെക്കുംപുറം | - 80.97 ഹെക്ടർ |
| 4. മാന്നാർ ഒള്ളാശ്ശേരി | -57 ഹെക്ടർ |

5. എരുമാൻ തുരുത്ത് പടിഞ്ഞാറെ പുറം – 5.50 ഹെക്ടർ

6. എരുമാൻ തുരുത്ത് കിഴക്കും പുറം . – 23 ഹെക്ടർ

7. ആയാംകുടി പടിഞ്ഞാറെപ്പുറം – 37.65 ഹെക്ടർ

8. മാന്നാർ കുറിച്ചിക്കരി – 21.46 ഹെക്ടർ

**ആകെ – 324.92 ഹെക്ടർ**

ഇപ്രകാരം 324.92 ഹെക്ടർ സ്ഥലത്ത് രണ്ടാം കൃഷി നടപ്പിലാക്കുവാൻ സാധിച്ചത് കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകി

കൂടാതെ തരിശുകിടന്നിരുന്ന താഴെപ്പറയുന്ന 865.54 ഹെക്ടറിൽ ഉൾപ്പെട്ട 474.4 ഹെക്ടറിൽ 2017 ൽ കൃഷി ഇറക്കുവാനും ശേഷിക്കുന്ന 391.14 ഹെക്ടറിൽ 2018 ൽ കൃഷി പുനരാരംഭിക്കുവാനും സജ്ജമാക്കിയിട്ടുണ്ട്. ഇത് പ്രസ്തുത പ്രവൃത്തിയുടെ നേട്ടമായി വിലയിരുത്തപ്പെടുന്നു.

**2017 ൽ കൃഷി ഇറക്കിയ പാടശേഖരങ്ങൾ (474.4 ഹെക്ടർ)**

1. കുത്തിയതോട് പഞ്ചായത്തിലെ പള്ളിത്തോട് വലിയതടം : 72 ഹെക്ടർ

2. കൊച്ചു വാവക്കാട് മുക്കാൽ വീതം : 144 ഹെക്ടർ

3. പട്ടണക്കാട് പഞ്ചായത്തിലെ വെട്ടയ്ക്കൽ 'എ ബ്ലോക്ക് : 136 ഹെക്ടർ

4. തുറവൂർ പഞ്ചായത്തിലെ കൊച്ചുകാട് നടുവിലെ പുത്തൻകാട് : 35.4 ഹെക്ടർ

5. മുഹമ്മ പഞ്ചായത്തിലെ പെരുംതുരുത്തുകരി : 42 ഹെക്ടർ

6. തണ്ണീർമുക്കം പഞ്ചായത്തിലെ പൊതി മംഗലം : 15 ഹെക്ടർ

7. പുഞ്ചപ്പാടം : 20 ഹെക്ടർ

8. കാക്കത്തുരുത്ത് പാടശേഖരം : 30 ഹെക്ടർ

**ആകെ : 474.4 ഹെക്ടർ**

**2018- ൽകൃഷിക്ക് സജ്ജമാക്കിയ പാടശേഖരങ്ങൾ (391.14 ഹെക്ടർ)**

എരുമാൻ തുരുത്ത് കിഴക്കുംപുറം – 23.30 ഹെക്ടർ,

വാലാച്ചിറ – 367.84 ഹെക്ടർ

**ആകെ –391.14 ഹെക്ടർ**

**<u>സ്കീം കെ.ഇ.എൽ-4</u>**

**ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ**

ഓണാട്ടുകര ഭാഗത്തെ വെള്ളപ്പൊക്കം ഒഴിവാക്കുവാനായി നീർച്ചാലുകളുടെ ആഴംകൂട്ടിയും സംരക്ഷണ

ഭിത്തികളും നിർമ്മിച്ച് വെള്ളപ്പൊക്ക കാലത്തുണ്ടാകുന്ന അധികജലം കായംകുളം കായലിലേയ്ക്ക് ഒഴുക്കിവിട്ട് പ്രസ്തുത മേഖലയിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം അതിലൂടെ ഓണാട്ടുകരയിലെ കൃഷി സ്ഥലങ്ങൾ കൃഷി യോഗ്യമാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 5 നീർത്തടങ്ങളിലായി ഈ പദ്ധതിയിൽ 21 പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെയ്ക്കുകയും അതിൽ 9 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 12 പ്രവൃത്തികൾ പുരോഗമിക്കുന്നു. നാളിതുവരെ ഈ സ്കീം നടപ്പിലാക്കുന്നതിന് 45.78 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഫലപ്രാപ്തി**

1 പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 33.20 കിലോമീറ്റർ പുറം ബണ്ട് നിർമ്മാണം ,മോട്ടോർത്തറ-1, പൈപ്പ് കൾവർട്ട്- 11 , നടപ്പാലങ്ങൾ -17 , വി.സി.ബി-3 , റാമ്പുകൾ -27 എണ്ണം എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലൂടെ 5834 ഹെക്ടർ പാടശേഖരം സംരക്ഷിക്കുവാൻ സാധിച്ചു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം മുതൽ ഉള്ളിട്ട പുഞ്ചയിൽ നെൽ കൃഷി 600 ഏക്കറിൽ നിന്നും 900 ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചു. പെരുവേലിച്ചാൽ നീർത്തടത്തിൽ ഉൾപ്പെടുന്ന തഴക്കര പഞ്ചായത്തിൽ 370 ഏക്കർ സ്ഥലത്ത് ഈ വർഷം അധികമായി കൃഷി ചെയ്യുവാൻ കഴിഞ്ഞു. ഓരോ കൃഷിക്കും മുന്നൊരുക്കമായി ബണ്ട് ബലപ്പെടുത്തുന്നതിനും പെട്ടിയും പറയും ഉറപ്പിക്കുന്നതിനുമായി വേണ്ടി വരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയിൽനിന്നും കർഷകർക്ക് മോചനം ലഭിച്ചിട്ടുണ്ട്.

5. **തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം**

ഈ പ്രവർത്തിയുടെ ഒന്നാം ഘട്ടമായ തണ്ണീർമുക്കം ഭാഗത്തുള്ള 31 ഷട്ടറുകളും രണ്ടു ലോക്കും ,1965 ലും 2-ാം ഘട്ടമായ വെച്ചൂർ ഭാഗത്തുള്ള 31 ഷട്ടറുകളും ഒരു ലോക്കും 1975 ലും പൂർത്തീകരിച്ചു. ഡോ. എംഎസ്. സ്വാമിനാഥൻ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ചെന്നൈ IIT യും കോഴിക്കോട് CWRDM ഉം ചേർന്ന് വിശദമായ ഒരു പഠനം നടത്തുകയും മൺ ചിറയ്ക്കു പകരം റെഗുലേറ്റർ സ്ഥാപിച്ച് നീരൊഴുക്ക് സുഗമമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിൻ പ്രകാരം ഒന്നാം ഘട്ടത്തിലെയും 2-ാം ഘട്ടത്തിലെയും ഷട്ടറുകളുടെയും ലോക്കു ഗയിറ്റുകളുടെയും നവീകരണത്തിനും, 3-ാം ഘട്ടത്തിലെ റെഗുലേറ്ററിന്റെ നിർമ്മാണത്തിനായി 255.335 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിക്കുകയും ചെയ്തു. ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും പഴയ ഷട്ടറുകൾ മാറ്റി പുതിയ സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുകയും ചെയ്തു.

02.07.2013, 20.12.2013 എന്നീ തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് പ്രസ്തുത പ്രവർത്തി കേന്ദ്രാനുമതി ലഭിക്കുന്നതിന് മുമ്പ് തന്നെ യുദ്ധകാല അടിസ്ഥാനത്തിൽ ചെയ്തു തീർക്കുവാൻ തീരുമാനിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ 83% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കായി നാളിതുവരെ 174.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഫലപ്രാപ്തി**

കുട്ടനാടിനെ ഓരു ജല ഭീഷിണിയിൽ നിന്നും സംരക്ഷിക്കുന്നതും കൂടാതെ മൺ ചിറയുടെ തെക്ക് ഭാഗം കായലിൽ മണ്ണ് അടിഞ്ഞ് ആഴവും സംഭരണ ശേഷിയും കുറയുന്നത് തടയുവാനും പുഞ്ച കൃഷി കഴിഞ്ഞ്

ഷട്ടറുകൾ ഉയർത്തുമ്പോൾ മാലിന്യനിർമ്മാർജ്ജനം ത്വരിത ഗതിയിലാക്കുവാനും ഷട്ടറുകൾ സമിമമായി അടച്ചിടാതെ ആട്ടോമാറ്റിക്ക് സംവിധാനത്തിലൂടെ ലവണാംശം അനുസരിച്ച് ഷട്ടറുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും സാധ്യമാകും.

**6. ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജകമണ്ഡലത്തിൽപെടുന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടേയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ**

കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക ലഘൂകരണം എന്ന പദ്ധതിക്ക് 758.39 കോടിയുടെ ഭരണാനുമതി ലഭിച്ചു.

397 വർക്കുകൾ ടെൻഡർ ചെയ്തതിൽ 83 വർക്കുകൾക്ക് മാത്രമെ പ്രതികരണം ലഭിച്ചിട്ടുള്ളൂ. ഇതിൽ 57 വർക്കുകൾക്ക് എഗ്രിമെന്റ് വക്കുകയും 49 വർക്കുകൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2 പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. 3 വർക്കുകൾ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. 3 വർക്കുകൾ ഫോർക്ലോസ് ചെയ്തു.

പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ 126.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഫലപ്രാപ്തി**

ഈ സ്കീമിൽ ഉൾപ്പെട്ട പാടശേഖരങ്ങളുടെ പുറം ബണ്ടു സംരക്ഷണവും (177.64 കിലോമീറ്റർ), മോട്ടോർ തറ/ഷെഡ് (166 എണ്ണം), പൊതുമട( 29എണ്ണം), ബോക്സ് / പൈപ്പ് കൾവേർട്ട് (24എണ്ണം), തൂമ്പുകൾ (587 എണ്ണം) എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചതിലൂടെ 3871.75 ഹെക്ടർ പാടശേഖരങ്ങൾ സംരക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ നടപ്പാക്കിയതിനുശേഷം പ്രസ്തുത പാടങ്ങളിൽ നാളിതുവരെ മടവീഴ്ച സംഭവിച്ചിട്ടില്ല. എല്ലാ പാടശേഖരങ്ങളിലും രണ്ടു കൃഷി നടപ്പാക്കി വരുന്നു. കർഷകർക്ക് വിത്ത് വളം വിളവെടുത്ത നെല്ല് എന്നിവ സുഗമമായി പാടശേഖരങ്ങളിൽ എത്തിക്കാനും വിപണനത്തിനും സൗകര്യമായിട്ടുണ്ട്. തണ്ണീർമുക്കം ബണ്ടിന്റെ ഓരോ കൃഷിക്കും മുന്നൊരുക്കമായി നടത്തേണ്ട ബണ്ട് ബലപ്പെടുത്തിനതിനു വേണ്ടി വരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും കർഷകർക്ക് മോചനം ലഭിച്ചിട്ടുണ്ട്. മടവീഴ്ചമൂലമുണ്ടാകുന്ന നഷ്ടപരിഹാരത്തിൽ നിന്നും സർക്കാരിന് സാമ്പത്തിക നേട്ടമുണ്ടായി. രണ്ടു കൃഷി നടപ്പാക്കിയതുമൂലം നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്

**7. തോട്ടപ്പള്ളി സ്പിൽ വേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ**

മഴക്കാലങ്ങളിൽ കുട്ടനാട്ടിലെ പ്രളയജലം കടലിലേയ്ക്ക് ഒഴുക്കിവിടുന്നതിനാണ് തോട്ടപ്പള്ളി സ്പിൽവേ രൂപകൽപന ചെയ്തത് എന്നാൽ അഴിമുഖം മണലടിഞ്ഞ് സ്പിൽവേയുടെ പ്രവർത്തന ക്ഷമത കുറയുകയും ഓരോ വർഷവും മഴക്കാലം തുടങ്ങുമ്പോൾ മണ്ണ് നീക്കം ചെയ്ത് സ്പിൽവേയുടെ പ്രവർത്തന ക്ഷമത ഉറപ്പാക്കുകയുമാണ് ചെയ്ത് പോരുന്നത്. തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന പദ്ധതിക്ക് 13.49 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യ ശേഷി വർദ്ധിപ്പിക്കുന്നതിനായി പഴയ എം.എസ് ഷട്ടറുകൾ മാറ്റി പുതിയ 40 സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപി ക്കുകയും ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 8.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഫലപ്രാപ്തി**

തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ സ്റ്റെയിൻലസ് സ്റ്റീൽ ആക്കിയതോടുകൂടി ഷട്ടറുകൾ തുരുമ്പു പിടിക്കുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകളും അവ അറ്റകുറ്റപണി നടത്തി സംരക്ഷിക്കുന്നതിനും വേണ്ടി

വരുന്ന ആവർത്തന ചെലവുകളും ഈ പ്രവൃത്തി നടപ്പിലാക്കിയതിലൂടെ ഒഴിവാക്കുവാൻ സാധിച്ചു എന്നുള്ളത് ഈ പ്രവൃത്തിയുടെ നേട്ടമായി കണക്കാക്കാവുന്നതാണ്.

**8. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ**

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം

പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പട്ടണക്കാട് പഞ്ചായത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ് , എഴുപുന്ന പഞ്ചായത്തിലെ പുല്ലംചിറ, ചാത്തൻചിറ തോടിലെ സ്ലൂയിസിന്റെ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ പുല്ലുവേലി റെഗുലേറ്റർ ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. പുല്ലുവേലി റെഗുലേറ്ററുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ടി പ്രവൃത്തികൾക്ക് മൊത്തം 4.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**എസി കനാൽ നവീകരണം**

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി എ.സി കനാലിൽ ഉൾപ്പെട്ട മനയ്ക്കൽ ചിറ മുതൽ ഒന്നാംകര വരെയുള്ള 9.78 കിലോമീറ്റർ കനാൽ വിപുലീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന ഭാഗമായ ഒന്നാംകരമുതൽ പള്ളാത്തുരുത്തിവരെയുള്ള കനാൽ വിപുലീകരണത്തിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. എന്നാൽ പ്രസ്തുത ഭാഗത്തെ കൈയ്യേറ്റവും കുടിയൊഴിപ്പിക്കലും പദ്ധതി നടത്തിപ്പിന് പ്രതികൂലമായ സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത പ്രവൃത്തിക്കായി 6.23 കോടി രൂപ ചെലവഴിച്ചു.

തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്കു കുറുകെയുള്ള ബ്രിഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം

ഓരുവെള്ള നിയന്ത്രണത്തിന്റെ ഭാഗമായി കരിയാർ നദിക്കുകുറുകെ 27.86 കോടി രൂപ മുടക്കി നിർമ്മിച്ച ബ്രിഡ്ജ് കം റെഗുലേറ്ററിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

റോഷി അഗസ്റ്റിൻ